ഏയ്ഞ്ചൽസ് ആർമി

മാതാപിതാക്കൾക്ക്



**"പാവപ്പെട്ടവന്റെ കണ്ണുനീർ യേശുവിന്റെ രക്തത്തുള്ളികളാണ്."**

പാവപ്പെട്ടവരുടെ ഒരു ഗദ്ഗദത്തിൽപ്പോലും മനസ്സലിഞ്ഞുപോകുന്ന അമ്മയുടെ ഈ വാക്കുകളായിരുന്നു ആഗ്നസിന്റെ ആദ്യ പാഠങ്ങൾ.

...

അച്ഛന്റെ അപ്രതീക്ഷിതമായ വേർപാട് കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയെ അപ്പാടെ തകർത്തുകളഞ്ഞപ്പോൾ, വിശ്വാസത്തിൽ ഉറച്ചുനിന്ന് കുടുംബത്തെ കരകയറ്റാൻ അമ്മ അത്യദ്ധ്വാനം ചെയ്തു.

ആഴ്ചയിൽ ഒരിക്കൽ, അമ്മ ആരും അറിയാതെ പുറത്തുപോകുന്നത് ആഗ്നസ് ശ്രദ്ധിച്ചിരുന്നു. ഒരു ദിവസം, അമ്മ അറിയാതെ അവൾ പിൻതുടർന്നു. ഒരു പാവപ്പെട്ട കുടിലിലേക്കായിരുന്നു ആ യാത്ര. കട്ടിലിൽ തളർന്നു കിടക്കുന്ന വൃദ്ധയായ സ്ത്രീ. **അമ്മ അവരെ കുളിപ്പിച്ചു, നല്ല വസ്ത്രം ധരിപ്പിച്ചു. വീട് അടിച്ചുവാരി, സ്വന്തം കൈകൊണ്ട് ഭക്ഷണം വാരിക്കൊടുത്തു.** കണ്ടുനിന്ന ആഗ്നസ് സന്തോഷം സഹിക്കാനാവാതെ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു. വാത്സല്യത്തോടെ മകളെ ചേർത്തുനിർത്തി ആ അമ്മ പറഞ്ഞു; **"മോളേ, നീയും ഇതുപോലെ ചെയ്യണം. സ്നേഹം- അതു മാത്രമാണ് ദൈവം!**

ആഗ്നസ് പിന്നീട് മഠത്തിൽ ചേർന്ന് സിസ്റ്റർ തെരേസയായി. നാളുകൾക്കിപ്പുറം ലൊറേറ്റോ കോൺവെന്റിനുള്ളിലെ സുരക്ഷിതത്വം വേണ്ടെന്നുവച്ച് ദൈവാശ്രയം മാത്രം കൈമുതലാക്കിക്കൊണ്ട്, കൽക്കട്ട തെരുവിൽ ഉപേക്ഷിക്കപ്പെട്ട ജീവിതങ്ങൾക്ക് ദൈവസ്നേഹം പകർന്നുകൊടുക്കുന്ന, **ലോകം മുഴുവൻ കാരുണ്യത്തിന്റെ കൈത്തിരിയാകുന്ന മദർ തെരേസയായി അവളെ മാറ്റിയത് അമ്മയുടെ വാക്കുകളും മാതൃകയും.**





# എയ്ഞ്ചൽസ് ആർമി



കുഞ്ഞുങ്ങൾ അമ്മയുടെ ഉദരത്തിൽ രൂപപ്പെടുന്ന നിമിഷം മുതൽ അവരെ വിശുദ്ധിയിൽ വളർത്തുവാൻ മാതാപിതാക്കളെയും, ദൈവാനുഭവത്തിലും ദൈവത്തോടുള്ള ബന്ധത്തിലും വളർന്നുവരാൻ കുഞ്ഞുങ്ങളെയും സഹായിക്കുന്ന ഒരു ജീസസ് യൂത്ത് പ്രാർത്ഥനാസംരംഭമാണ് എയ്ഞ്ചൽസ് ആർമി. ഗർഭാവസ്ഥ അമ്മമാരെ സംബന്ധിച്ച് ഏറ്റവും കൂടുതൽ പ്രാർത്ഥനയിലും ദൈവാശ്രയത്വത്തിലും ആയിരിക്കേണ്ട ഒരു കാലഘട്ടമാണ്. ഈ സമയത്ത് അമ്മയുടെ മനസ്സിലൂടെ കടന്നുപോകുന്നതെല്ലാം കുഞ്ഞിലേക്ക് പകരപ്പെടും. അതുകൊണ്ടു തന്നെ മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടം ദൈവസ്നേഹത്തിന്റെ നിറവിൽ ആയിരിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഇതിന് മാതാപിതാക്കളെ എയ്ഞ്ചൽസ് ആർമി സഹായിക്കുന്നു.

## എയ്ഞ്ചൽസ് ആർമിയിലെ കുഞ്ഞുങ്ങളെ അവരുടെ പ്രായത്തിനനുസരിച്ച് മൂന്ന് ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു.

### കുഞ്ഞുണ്ണി മാലാഖ സൈന്യം

ഗർഭിണികളായ അമ്മമാർ തങ്ങളുടെ ഉദരത്തിലുള്ള കുഞ്ഞിനു വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അബോർഷന് വിധേയമാകാൻ സാധ്യതയുള്ള ഒരു കുഞ്ഞിനെക്കൂടി ദത്തെടുത്തു പ്രാർത്ഥിക്കുന്നു. സംസാരിക്കാൻ തുടങ്ങാത്ത കുഞ്ഞുങ്ങൾക്കു വേണ്ടി അവരുടെ അമ്മമാർ കുഞ്ഞുങ്ങളെ മടിയിലിരുത്തി 1സ്വർഗ. 1നന്മ. 1ത്രിത്വ. ചൊല്ലണം

### ഉണ്ണി മാലാഖ സൈന്യം

2-5 വയസ്സു വരെയുള്ള കുട്ടികൾ ഉണ്ണിക്കൊന്ത ചൊല്ലുക. 1സ്വർഗ.1നന്മ. 1ത്രിത്വ. ഓരോ രഹസ്യത്തോടൊപ്പം ചൊല്ലണം.

### കുഞ്ഞുമാലാഖ സൈന്യം

**5 വയസ്സുമുതലുള്ള കുട്ടികൾ വചനം, സുകൃതജപം, കൊന്ത (ദിവസവും)**

**കുട്ടികൾ എല്ലാദിവസവും ചൊല്ലേണ്ട കൊന്തയുടെ നിയോഗങ്ങൾ**

**1-ാം ദൈവരഹസ്യം മാർപാപ്പ, ബിഷപ്പുമാർ, വൈദികർ, സന്ന്യസ്തർ**

**2-ാം ദൈവരഹസ്യം മാതാപിതാക്കൾ, അദ്ധ്യാപകർ**

**3-ാം ദൈവരഹസ്യം മാലാഖാ സൈനികർ**

**4-ാം ദൈവരഹസ്യം ശുദ്ധീകരണ സ്ഥലത്തുള്ളവർ**

**5-ാം ദൈവരഹസ്യം മിഷണറിമാർ, സുഹൃത്തുക്കൾ, അബോർഷനിരയായ കുഞ്ഞുങ്ങൾ**

കുട്ടികൾ ദൈവവചനം പഠിക്കുകയും അങ്ങനെ വചനം അവരിൽ മാംസം ധരിക്കുകയും ചെയ്യുമ്പോൾ തെറ്റും ശരിയും വിവേചിച്ചറിയാൻ അവർക്കു സാധിക്കും. **തിരുസഭയോടുള്ള സ്നേഹത്താൽ പരിശുദ്ധ അമ്മയോടൊപ്പം മാലാഖമാരോടും വിശുദ്ധരോടും ചേർന്ന് ഒരു പുത്തൻ തലമുറ വാർത്തെടുക്കുക - ഇതാണ് എയ്ഞ്ചൽസ് ആർമിയുടെ ലക്ഷ്യം.** ഈ ലക്ഷ്യം സാദ്ധ്യമാകുന്നത് പ്രധാനമായും "എയ്ഞ്ചൽസ് ആർമി"മാസികയിലൂടെയാണ്.





തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ പ്രഥമ ഉത്തരവാദികളെന്ന നിലയിൽ, തങ്ങളുടെ ബോധ്യങ്ങൾക്കുചേർന്ന ഒരു സ്കൂൾ അവർക്കായി തിരഞ്ഞെടുക്കാൻ മാതാപിതാക്കൾക്ക് അവകാശമുണ്ട്. ഇത് ഒരു മൗലികാവകാശമാണ്. ക്രൈസ്തവ വിദ്യാദായകർ എന്ന നിലയിലുള്ള തങ്ങളുടെ ദൗത്യത്തിൽ ഏറ്റവും നന്നായി സഹായിക്കുന്ന സ്കൂളുകൾ ആവുന്നത്ര തിരഞ്ഞെടുക്കാനുള്ള കടമ മാതാപിതാക്കൾക്കുണ്ട്. CCC 2229

# ദൈവപരിപാലന

കഴിഞ്ഞ 10 വർഷങ്ങളായി വരിസംഖ്യ വാങ്ങാതെ ദൈവപരിപാലനയിൽ മാത്രം ആശ്രയിച്ചുകൊണ്ട് മാസികയുടെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നു.പലരുടെയും ത്യാഗപൂർണ്ണമായ പങ്കുവയ്ക്കലിലൂടെ ഇപ്പോൾ മാസം തോറും ഇരുപതിനായിരത്തിൽപരം കോപ്പികൾ അച്ചടിച്ചുവരുന്നു. ഇനിയും അനേകം കുടുംബങ്ങളിൽ ഈ ശുശ്രൂഷ ചെന്നെത്തേണ്ടതുണ്ട്. "എയ്ഞ്ചൽസ് ആർമി"യുടെ പ്രവർത്തനങ്ങളെ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും പിന്താങ്ങാൻ ദൈവാത്മാവ് നിങ്ങളെ പ്രചോദിപ്പിക്കുന്നെങ്കിൽ...

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക....

**Tel : 8891585850, 9895923705.**
**Angels Army, A/c No. 67026275594, SBT,**
**Kakkanad Branch,**
**IFSE Code : SBTR0000339.**



# വിശുദ്ധ അലോഷ്യസ് ഗൊൺസാഗ

**കു**ഞ്ഞ് തന്റെ ഉദരത്തിൽ ഉരുവായ നിമിഷം മുതൽ ഡോണ പ്രാർത്ഥനയിലായിരുന്നു. അതൊരു മകനായിരിക്കണമെന്നും അവനെ സന്യസ്ത ജീവിതത്തിലേക്ക് പറഞ്ഞയക്കണമെന്നും അവൾ ആഗ്രഹിച്ചു.

അതികഠിനമായ പ്രസവ വേദനയാൽ പുളയുമ്പോഴും അവൾ പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. ഏറെ നേരത്തെ പരിശ്രമത്തിനു ശേഷവും സൂതികർമ്മിണിയുടെ മുഖത്ത് നിരാശ. അവൾ പുറത്തു നിന്ന, ഡോണയുടെ ഭർത്താവ് ഫെർഡിനാൻഡിനോടു പറഞ്ഞു : “എനിക്കൊരു പ്രതീക്ഷയുമില്ല. ദൈവംപോലും കൈവെടിഞ്ഞുവെന്നാ തോന്നുന്നത്.” മരണത്തെ മുഖാമുഖം കാണുന്ന ഡോണ. വൈദികനെത്തി ഗർഭസ്ഥ ശിശുവിന് മാമ്മോദീസ നൽകി. ഈ സമയം ഡോണയുടെ മനസ്സിൽ ആരോ മന്ത്രിച്ചു: “പരിശുദ്ധ കന്യകയുടെ ലൊറേറ്റോ ദേവാലയത്തിലേക്ക് തീർത്ഥയാത്ര നടത്താമെന്ന് നേർച്ച നേരൂ. നിനക്കും കുഞ്ഞിനും ഒരപകടവും സംഭവിക്കില്ല.” ഉടനടി അവർ പ്രാർത്ഥിച്ചു. തൽക്ഷണം സ്ഥിതിഗതികൾക്ക് മാറ്റമുണ്ടായി. പെട്ടെന്ന് ഒരു കുഞ്ഞിന്റെ കരച്ചിൽ അവിടമാകെ മുഴങ്ങി. **ഗർഭാവസ്ഥയിൽ വച്ചുതന്നെ മാമ്മോദീസ നൽകപ്പെട്ട ആ കുട്ടിയായിരുന്നു വിശുദ്ധിയുടെ പടവുകൾ കയറി യുവാക്കളുടെ വിശുദ്ധൻ എന്നറിയപ്പെടുന്ന വി. അലോഷ്യസ് ഗൊൺസാഗാ.**

ഇറ്റലിയിലെ മാന്തുവാ പ്രവിശ്യയുടെ ഭരണാധികാരിയായിരുന്നു അലോഷ്യസിന്റെ പിതാവായ ഫെർഡിനാന്റ്. അതിസമ്പന്നമായ ഒരു പ്രഭുകുടുംബമായിരുന്നു അവരുടേത്. അലോഷ്യസിന്റെ അമ്മ ഡോണ ദൈവഭക്തയും സത്ഗുണസമ്പന്നയുമായി

രുന്നു. കുട്ടിക്കാലത്തുതന്നെ അവൾ മകനെ പ്രാർത്ഥനയും നമസ്ക്കാരങ്ങളും പഠിപ്പിച്ചു. പ്രാർത്ഥനകൾ ചൊല്ലുമ്പോൾ അവൻ ഭക്തിയിൽ ലയിച്ചിരിക്കും. പാവങ്ങളോട് കാരുണ്യം കാണിക്കുന്ന അമ്മയുടെ മാതൃക അവനെ ഏറെ സ്വാധീനിച്ചു.

എന്നാൽ, മാന്തുവായുടെ അടുത്ത ഭരണാധികാരിയാവേണ്ട മകൻ വീരശൂര പരാക്രമിയായിട്ടാണ് വളരേണ്ടതെന്ന് അപ്പൻ തീരുമാനിച്ചു. തന്റെ പട്ടാള ക്യാമ്പിലേക്ക് 5 വയസ്സുള്ള അലോഷ്യസിനെ അപ്പൻ കൂട്ടിക്കൊണ്ടുപോയി. അവനെ യുദ്ധമുറകൾ അഭ്യസിപ്പിക്കാൻ തുടങ്ങി. അധികം താമസിയാതെതന്നെ അലോഷ്യസ് പട്ടാളക്കാരുടെ അസഭ്യമായ സംസാരരീതി ഏറ്റുപറയാൻ തുടങ്ങി. ഇത് പിതാവിനെ വിഷമിപ്പിച്ചു. അദ്ദേഹം അവനെ തിരികെ അമ്മയുടെ അടുക്കലേക്കുതന്നെ അയച്ചു. വീട്ടിലെത്തിയപ്പോൾ അമ്മ അവന്റെ സംസാരത്തിലെ മാറ്റം കണ്ടുപിടിച്ചു. ചീത്ത വാക്കുകൾ ഉപയോഗിക്കരുതെന്ന അമ്മയുടെ ഉപദേശം അക്ഷരംപ്രതി പാലിക്കാൻ അവൻ നന്നായി പരിശ്രമിച്ചു. തന്റെ ആദ്യകുമ്പസാര സമയത്ത് ഈ പാപങ്ങളോർത്ത് അവൻ മോഹാലസ്യപ്പെട്ടു വീഴുകയുണ്ടായി.

ഒരിക്കൽ ദേവാലയത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ രൂപത്തിന്റെ മുമ്പിൽ നിൽക്കവേ അവൻ മാതാവിനോടു പറഞ്ഞു, **"അമ്മേ ഞാനിതാ എന്റെ ബ്രഹ്മചര്യം അങ്ങേക്ക് സമ്മാനിക്കുന്നു. എല്ലാ ഇടർച്ചകളിൽനിന്നും എല്ലാ പ്രലോഭനങ്ങളിൽനിന്നും അങ്ങെന്നെ കാത്തുസൂക്ഷിച്ചാലും."** ഹൃദയ പരിശുദ്ധി കാത്തുസൂക്ഷിക്കാനായി അലസതയിൽ കഴിയാതിരിക്കാനും നല്ല പുസ്തകങ്ങൾ വായിക്കാനും അവൻ ശ്രദ്ധിച്ചു.

അലോഷ്യസിന് 15 വയസ്സായി. ഈശോ സഭയിൽ ചേർന്ന് ഒരു വൈദികനാകാനുള്ള ആഗ്രഹം അവൻ അമ്മയെ അറിയിച്ചു. തന്റെ പ്രാർത്ഥന സഫലമാകുന്നതായി കണ്ട അമ്മ അത്യധികം സന്തോഷിച്ചു. എന്നാൽ, ഡോണയിൽനിന്നും വിവരമറിഞ്ഞ ഫെർഡിനാന്റ് അവളുടെ നേരെ പൊട്ടിത്തെറിച്ചു. ഇളയ മകനായ റുഡോൾഫിനോടുള്ള സ്നേഹക്കൂടുതൽകൊണ്ട് അവന് രാജ്യാവകാശം കിട്ടാനുള്ള ആഗ്രഹത്തിലാണ് ഡോണ മൂത്ത മകന്റെ സെമിനാരി പ്രവേശനത്തിന് കൂട്ടുനിൽക്കുന്നതെന്ന് അയാൾ ആരോപിച്ചു. "മേലിൽ ഇക്കാര്യം പറഞ്ഞ് എന്റെ മുന്നിൽ വന്നേക്കരുത്."- ഫെർഡിനാന്റ് ദേഷ്യത്തോടെ മുറിയിൽനിന്നിറങ്ങിപ്പോയി. കണ്ണുനീർ തുടച്ചുകൊണ്ട് മകനെ നോക്കി പുഞ്ചിരിക്കാൻ ശ്രമിച്ച അമ്മയോട് അലോഷ്യസ് അപ്പനുവേണ്ടി മാപ്പുചോദിച്ചു. അമ്മ പറഞ്ഞു: "സാരമില്ല മോനേ, നിനക്കുവേണ്ടി ഇനിയും കൂടുതൽ സഹിക്കാനും ഈ അമ്മ തയ്യാറാണ്. നമുക്ക് അവകാശപ്പെട്ടത് നമുക്ക് നിഷേധിക്കപ്പെടുന്നത് ദൈവം അത് നമുക്ക് തരാൻ ഉദ്ദേശിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ്. ഒരു കാര്യം വൈകുന്നത് അത് ലഭിക്കില്ല എന്നതിന്റെ അടയാളമൊന്നുമല്ല." അമ്മയുടെ വാക്കുകൾ അലോഷ്യസിനെ ആശ്വസിപ്പിച്ചു.

വൈദികനാകാനുള്ള തന്റെ

തീരുമാനത്തിൽനിന്നും പിന്തിരിയില്ല എന്നുപറഞ്ഞ മകനെ "വേലക്കാരുടെ ഒപ്പം ജീവിക്ക്" എന്നു പറഞ്ഞ് അപ്പൻ വീട്ടിൽനിന്നും ഇറക്കിവിട്ടു.

രാത്രിയിൽ ജോലിക്കാരുടെ മുറിയിൽചെന്ന മാതാപിതാക്കൾ കണ്ടത് മുട്ടിന്മേൽ പ്രാർത്ഥനാനിരതനായി നിന്നുകൊണ്ട് ചമ്മട്ടികൊണ്ട് സ്വയം പ്രഹരമേൽപ്പിക്കുന്ന അലോഷ്യസിനെയാണ്. മകന്റെ സെമിനാരി പ്രവേശനത്തിന് ഇനിയും തടസ്സം നിൽക്കാൻ ഫെർഡിനാന്റിന് ആയില്ല. അങ്ങനെ നാലു കൊല്ലത്തോളം എതിർത്തുനിന്ന പിതാവ് ഒടുവിൽ സമ്മതംമൂളി. **"നീ സെമിനാരിയിൽ ചേർന്നുകൊള്ളൂ. ദൈവഹിതം അതാണെങ്കിൽ തടസ്സം നിൽക്കാൻ ഞാൻ ആരാണ്?"** 1585 നവംബർ 8ന് റോമിലെ ആശ്രമത്തിലെത്തി ഈശോസഭയിൽ ചേർന്നു. എളിമയോടും അനുസരണയോടുംകൂടെ ആശ്രമത്തിലെ ഏത് ജോലിയും അവൻ സന്തോഷത്തോടെ ചെയ്തു.

റോമിലെ തെരുവിൽപോയി ഭിക്ഷയാചിച്ച്, അത് ദരിദ്രർക്ക് കൊടുത്തും, ആവശ്യത്തിനുമാത്രം ഭക്ഷണം കഴിച്ചും അവൻ ജീവിച്ചു. 1591ൽ ഇറ്റലിയിൽ വലിയ ക്ഷാമവും പകർച്ചവ്യാധിയും പടർന്നുപിടിച്ചു. ജനങ്ങൾക്ക് ആശ്വാസമായി ഈശോസഭാംഗങ്ങൾ അവരുടെയിടയിലേക്ക് ഇറങ്ങി. അനാരോഗ്യംമൂലം അധികൃതർ അലോഷ്യസിനെ പോകാൻ അനുവദിച്ചില്ല. ഒരു ദിവസം ഭിക്ഷാടനത്തിനുപോയ അലോഷ്യസ് വഴിയിൽ അവശനായി കിടക്കുന്ന ഒരു മനുഷ്യനെ കണ്ടു. ആ മനുഷ്യനെ തോളിലേറ്റി ആശ്രമത്തിലെത്തിയതും അലോഷ്യസ് കുഴഞ്ഞുവീണു.

അലോഷ്യസിന്റെ സ്ഥിതിഅനുദിനം വഷളായി. അന്ത്യകൂദാശ കൊടുക്കാൻ അധികൃതർ തീരുമാനിച്ചു. "ദിവ്യകാരുണ്യത്തിരുനാളിന്റെ എട്ടാം ദിവസമേ ഞാൻ മരിക്കൂ", അലോഷ്യസ് പറഞ്ഞെങ്കിലും ചുറ്റുമുള്ളവർ അത് കാര്യമാക്കിയില്ല. റെക്ടറച്ചനിൽനിന്ന് അന്ത്യകൂദാശ സ്വീകരിച്ച അവൻ മരണം കാത്തുകിടന്നു.

എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് അലോഷ്യസിന് രോഗശമനം ഉണ്ടായി. മരണത്തിനു മുൻപ് അവൻ തന്നെ സ്നേഹിക്കുകയും പരിചരിക്കുകയും ചെയ്ത എല്ലാവർക്കും കത്തെഴുതി കൃതജ്ഞത അർപ്പിച്ചു.

ദിവ്യകാരുണ്യത്തിരുനാളിന്റെ എട്ടാമിടം. തനിക്ക് പരിശുദ്ധ കുർബ്ബാന സ്വീകരിക്കണമെന്ന് അലോഷ്യസ് ആവശ്യപ്പെട്ടു. റെക്ടറച്ചൻ പരിശുദ്ധ കുർബാന നൽകി. സുഖാന്വേഷണം നടത്തിയ റെക്ടറച്ചനോട് അലോഷ്യസ് പറഞ്ഞു: "എന്റെ ബലിയർപ്പണത്തിന് സമയമായി. ഞാനിന്ന് പോകും സ്വർഗ്ഗത്തിലേക്ക്..."

ആ ദിവസം മുഴുവൻ അവൻ പ്രാർത്ഥനയിൽ കഴിച്ചു. ദിവസത്തിന്റെ അവസാന മണിക്കൂറിൽ അലോഷ്യസിന്റെ ആത്മാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു: അന്നവന് 23 വയസ്സായിരുന്നു പ്രായം. കുഞ്ഞുങ്ങളെപ്പറ്റിയുള്ള ദൈവിക പദ്ധതി അംഗീകരിക്കുവാനും അവരെ അതിനായി ഒരുക്കുവാനും ഈശോ നമ്മോടും ആവശ്യപ്പെടുന്നില്ലേ?

# ജാഗ്രത!!



കുട്ടികളെക്കുറിച്ച് പരാതി പറയാത്ത മാതാപിതാക്കളില്ല. ഇന്നലെവരെ ഞാൻ പറയുന്നതിനെ ചോദ്യം ചെയ്യാതെ തലകുലുക്കി എല്ലാം അനുസരിച്ചവരാണ് എന്റെ മക്കൾ. എന്നാൽ ഇന്നോ? എന്റെ മക്കൾ കൈവിട്ടുപോയി. എന്തുപറ്റി അവർക്ക്? ഇങ്ങനെ പെട്ടെന്നവർ മാറാൻ എന്താണ് കാരണം? മക്കളെക്കുറിച്ച് ഇത്തരത്തിലുള്ള പരാതിയും വേവലാതിയും ആവലാതിയും നിങ്ങളെ മഥിക്കുന്നുവെങ്കിൽ, നമുക്ക് തിരിച്ചുനടക്കാം. അവരുടെ വിശ്വാസ പരിശീലനത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക്.... നമ്മുടെ ജീവിതശൈലിയുടെ ആത്മ വിമർശനത്തിലേക്ക്...

★ വിശ്വാസം പരിശീലിക്കാനുള്ളതാണ്. പുസ്തകത്തിൽനിന്ന് അത് ജീവിതത്തിലേക്കിറങ്ങണം. മക്കളുടെ ജീവിതത്തിന്റെ ഊണിലും ഉറക്കത്തിലും പഠനത്തിലും പ്രാർത്ഥനയിലും ഒരുപോലെ നിറയേണ്ട ജീവിതശൈലിയാണത്.

★ മക്കളെ വിശ്വാസ പരിശീലനത്തിനു പ്രേരിപ്പിക്കുന്ന മാതാപിതാക്കളായ നാമും അവരോടൊപ്പം തന്നെ കളത്തിലാണെന്ന് ഉറപ്പുവരുത്തണം. 'കാലത്ത് പള്ളീപ്പോടാ' എന്നു പറഞ്ഞ് സ്വയം പായയിൽ ചുരുണ്ടുകിടന്നുറങ്ങുന്ന - പള്ളിയേയും പട്ടക്കാരനേയും കുറ്റംപറഞ്ഞിട്ട് അച്ചനെ കാണുമ്പോൾ 'സ്തുതികൊടുക്കെടാ...' എന്ന് മക്കളെ നിർബന്ധിക്കുന്ന - മാതാപിതാക്കളാകരുത് നാം.

★ സ്വർഗ്ഗരാജ്യം ബലവശ്യമാണ്. ജാഗ്രതയുള്ളവൻ അത് കൈക്കലാക്കുന്നു. മക്കളുടെ വിശ്വാസ പരിശീലനത്തിൽ നിതാന്ത ജാഗ്രത നമുക്ക് പുലർത്താം. ഒപ്പം നമ്മുടെ വിശ്വാസത്തിന്റെ കാര്യത്തിലും.

***ചെറിയാച്ചൻ***



# വചനപഠനം

## മർക്കോസ് 5, 6, 7, 8 (ഒരോ ആഴ്ച്ചയിലും ഒരോ അദ്ധ്യായം)

* **5:13 – പിശാചുക്കളും പന്നികളും**

മറ്റ് ജനതകൾ വിശുദ്ധങ്ങളായും അവരുടെ പ്രതീകങ്ങളായും കരുതിയിരുന്ന മൃഗങ്ങളെയാണ് പഴയ നിയമത്തിൽ പൊതുവേ അശുദ്ധങ്ങളെന്ന് വിവക്ഷിക്കുന്നത്. മലിനമായവ ഭക്ഷിക്കുന്നതിനാലും മനുഷ്യർക്ക് ഗുരുതരമായ രോഗങ്ങൾ പരത്താൻ ഇടയാക്കുന്നതിനാലും പന്നികളെ അങ്ങേയറ്റം അശുദ്ധമായി യഹൂദർ കരുതി.

കടൽ നാശകരമായ ഒന്നായിട്ടാണ് ബൈബിൾ കരുതുന്നത്. നാട്ടിൽ നിന്നുപോകാൻ തീരെ ഇഷ്ടമില്ലാതിരുന്ന പിശാചുക്കൾ (v.10) ഒടുവിൽ തങ്ങൾക്കു പറ്റിയ ഇടത്തുതന്നെ എത്തുന്നു!

* **ഹേറോദേസ്** : ഹേറോദേസ് അന്തിപ്പാസ് യഹൂദനായിരുന്നു. ജോൺ ഹിർക്കാനൂസ് 104 ബി.സി.യിൽ യഹൂദ മതത്തിലേക്ക് നിർബന്ധിത മതപരിവർത്തനം നടത്തി. ഇദുമേയക്കാരായിരുന്നു അദ്ദേഹത്തിന്റെ പൂർവികർ.

* **ഫരിസേയരും നിയമജ്ഞരും**

ഫരിസേയർ എന്ന ഹീബ്രു നാമത്തിന്റെ അർത്ഥം 'ശുദ്ധർ' എന്നാണ്. ശുദ്ധി നിയമങ്ങളും ദശാംശ നിയമങ്ങളും സാബത്ത് നിയമങ്ങളുമെല്ലാം കണിശമായി പാലിച്ചിരുന്നതിനാലാവണം അവർക്ക് ഈ പേര് കൈവന്നത്. പൗലോസ് ഒരു ഫരിസേയനായിരുന്നു. എഴുത്തും വായനയും വശമുള്ളവരും മതം, നിയമം, സാമ്പത്തിക മേഖലയിൽ പ്രാവീണ്യമുള്ളവരുമാണ് നിയമജ്ഞർ (Scribes). വിദ്യാഭ്യാസമുള്ള ആരും ഏത് ഗണത്തിൽപെട്ടവരായാലും നിയമജ്ഞരായിരുന്നു.

* **മാതാപിതാക്കളും വഴിപാടും**

വസ്തുവകകളെ ദൈവത്തിനുള്ള നേർച്ചയായി പ്രഖ്യാപിച്ചു സമർപ്പിക്കുന്ന ഏർപ്പാട് യഹൂദർക്കിടയിൽ ഉണ്ടായിരുന്നു. പക്ഷേ അവ ഉടനെതന്നെ ദേവാലയത്തിൽ കൊടുക്കേണ്ടിയിരുന്നില്ല. തുടർന്ന് ഉടമയ്ക്ക് അവ ഉപയോഗിക്കാമായിരുന്നു. സ്വന്തം മാതാപിതാക്കൾക്കുവേണ്ടി ചെലവഴിക്കാൻ കടപ്പെട്ടിരുന്ന തുകയും വസ്തുക്കളും ഇത്തരം കൊർബാൻ പ്രഖ്യാപനത്തിലൂടെ സൂത്രത്തിൽ ഒഴിവാക്കിയെടു

ക്കാൻ ഈ സമ്പ്രദായത്തെ ഫരിസേയർ ദുരുപയോഗംചെയ്തിരുന്നു.

* **(7:27–29) മക്കളും നായ്ക്കളും**

സീറോ-ഫിനീഷ്യൻ സ്ത്രീ ഗ്രീക്കുകാരിയായിരുന്നു. അതിന്റെയർത്ഥം അവൾ യഹൂദയായിരുന്നില്ല, വിജാതീയ ആയിരുന്നു എന്നാണ്. എങ്കിലും അവൾ യേശുവിൽ വിശ്വസിച്ചു. കിട്ടുന്ന ഭക്ഷണമെല്ലാം- അത് ശുദ്ധമോ അശുദ്ധമോ എന്നൊന്നും നോക്കാതെ- കഴിക്കുന്ന സ്വഭാവമൂലമായിരിക്കണം യഹൂദ ഗ്രന്ഥങ്ങളിൽ വിജാതീയരെ നായ്ക്കൾ എന്നു വിശേഷിപ്പിച്ചിട്ടുള്ളത്.

യഹൂദർക്കുള്ളത് വിജാതീയർക്കു നൽകുന്നത് ഉചിതമല്ല എന്ന യേശുവിന്റെ വാക്കുകൾ ആ സ്ത്രീയുടെ വിശ്വാസത്തെ പരീക്ഷിക്കാൻ ഉദ്ദേശിച്ചുള്ളവ ആയിരിക്കണം. 'കുനാരിയോ' എന്ന ഗ്രീക്ക് പദം വളർത്തുമൃഗമായ പട്ടിക്കുട്ടിയെയാണ് സൂചിപ്പിക്കുന്നത്. ആ അർത്ഥത്തിൽ, അപ്പക്കഷണങ്ങൾ വളർത്തുപട്ടിക്ക് അവകാശപ്പെട്ടതാണെന്ന നിലപാടോടെ തന്റെ വിശ്വാസ സ്ഥൈര്യം വ്യക്തമാക്കുന്നു അവൾ. ഉറച്ച വിശ്വാസത്തിന് ഏതു പ്രതിസന്ധിയെയും മറികടക്കാനാകും എന്ന് അവൾ തെളിയിക്കുന്നു.

## സങ്കീർത്തനം 3 അപകടത്തിൽ ആശ്രയം

കർത്താവിലുള്ള സങ്കീർത്തകന്റെ ശരണം കുലുക്കമില്ലാത്തതാണ്. തന്റെ ശരണത്തികവിന്റെ പ്രത്യക്ഷത്തെളിവാണ് അദ്ദേഹത്തിന്റെ സുഖനിദ്രയും പ്രഭാതത്തിലുള്ള എഴുന്നേല്ക്കലും. ശത്രുമദ്ധ്യത്തിലും ഉറങ്ങാൻ കഴിയുന്നതും ഉണരാൻ കഴിയുന്നതും കർത്തൃകരങ്ങളിൽ താൻ സുരക്ഷിതനാണെന്ന ഉറച്ച ബോദ്ധ്യംകൊണ്ടാണ്.

രക്ഷകനിൽ വിശ്വസിക്കാൻ എന്നെ ഈ സങ്കീർത്തനം ക്ഷണിക്കുന്നു. പ്രതിസന്ധികൾ ഒന്നിനൊന്നായി വന്ന് 'നിനക്ക് ദൈവത്തിൽ രക്ഷയില്ല' എന്നു പറയുമ്പോഴും ദൈവത്തിന്റെ കരങ്ങളിലിരുന്ന് അവയെ നിരായുധീകരിക്കാൻ എനിക്ക് കഴിയും. പ്രതിസന്ധികളുടെ പല്ലുതകർക്കാൻ ദൈവം എന്റെ കൂടെയുണ്ട്.

## സങ്കീർത്തനം 4 ദൈവത്തിൽ ആനന്ദവും സുരക്ഷിതത്വവും

ഐശ്വര്യം എന്ന് പലരും വിളിക്കുന്നത് ഭൗതിക സമൃദ്ധിയേയാണ്. കർത്താവിന്റെ മുഖകാന്തി തങ്ങളുടെമേൽ പ്രകാശിക്കുന്നത് സമ്പൽസമൃദ്ധിയിലൂടെ മാത്രമേ പലർക്കും അളക്കാനാവുന്നുള്ളൂ. എന്നാൽ ഞെരുക്കങ്ങൾക്കിടയിലും ആത്മാവിൽ വിസ്തൃതി ഏറ്റുവാങ്ങാൻ കഴിയുന്നതാണ് ഏറ്റവും വലിയ ഭാഗ്യം.



# "ഇന്ന് എന്റെ കൂടെ ചെലവഴിക്കാമോ"

**ഇ**ന്റർനെറ്റിൽനിന്നും വായിച്ച ഒരു കഥയുടെ രത്നച്ചുരുക്കമിങ്ങനെ: കുഞ്ഞിന്റെ ജന്മദിനമാണ്. പപ്പയ്ക്ക് ആ ദിവസത്തെക്കുറിച്ച് ഓർമ്മയുണ്ട്. പക്ഷെ, ഓഫീസിൽ നൂറുകൂട്ടം തിരക്ക്. പോകുന്നതിന് മുമ്പ് ജന്മദിനാശംസ നേരാൻ കുട്ടിയുടെ അടുത്തേക്ക് ചെന്നു. അവൻ ഉണർന്നുവരുന്നതേയുള്ളൂ. ഒരു മുത്തം കൊടുത്ത് ആശംസകൾ അറിയിച്ചപ്പോൾ അവൻ ചോദിച്ചു: പപ്പയ്ക്ക് ജോലിയെടുത്താൽ എത്ര പൈസ കിട്ടും? തുക പറഞ്ഞപ്പോൾ അവൻ ഓടിപ്പോയി തന്റെ കുടുക്ക എടുത്തുകൊണ്ടുവന്ന് പപ്പയുടെ കൈയ്യിൽ കൊടുത്തിട്ട് പറഞ്ഞു: "ഇതിൽ ഇതുവരെ എനിക്കുകിട്ടിയ മുഴുവൻ പൈസയുമുണ്ട്. ഇത് പപ്പയെടുത്തോ. **ഇന്ന് ഒരു ദിവസം എന്റെകൂടെ ചെലവഴിക്കാമോ?**

തങ്ങളുടെ കുഞ്ഞുങ്ങളെ അഗാധമായി സ്നേഹിക്കാത്ത മാതാപിതാക്കൾ വളരെ വിരളമാണ്. ഉള്ള കുഞ്ഞിനെ തികവിൽ സ്നേഹിക്കണമെന്ന് കരുതിയാണ് ഒന്നോ രണ്ടോ മക്കൾ മതി എന്ന് തീരുമാനിക്കുന്നതുപോലും. അവനെ നന്നായി വളർത്താനും അവന്റെ ഭാവി സുരക്ഷിതമാക്കാനുംവേണ്ടിയാണ് ഒരുപാട് പെടാപ്പാടുകൾ പെടുന്നത്. പരമാവധി സമയം പണിയെടുക്കുന്നു. ഓവർടൈം കിട്ടുന്നിടത്തോളം എടുക്കുന്നു. ഓഫീസ് ജോലി കഴിഞ്ഞ് വീട്ടിൽ വന്ന് ഏതെങ്കിലും ഉപതൊഴിലോ ബിസിനസ്സോ ചെയ്യുന്നു.

കുട്ടിയുടെ സമയവും 'കളയാനില്ല'... പഠനം, ട്യൂഷൻ, എൻട്രൻസ് കോച്ചിംഗ്, പാഠ്യേതര പ്രവർത്തനങ്ങൾ.. ഹ്രസ്വകാല കോഴ്സുകൾ... അങ്ങനെ....

തിരക്കുപിടിച്ച ഓട്ടത്തിനിടയിൽ അവനെ സ്നേഹിക്കുന്നുണ്ടെന്ന് തെളിയിക്കാൻ അവൻ ആവശ്യപ്പെടുന്നതെന്തും വാങ്ങിക്കൊടുക്കുന്നു. വാശികൾക്ക് വഴങ്ങുന്നു. വഴക്കുണ്ടാക്കാതിരിക്കാ

നും പിണങ്ങാതിരിക്കാനും അവന്റെ കടുംപിടുത്തങ്ങൾക്ക് നിന്നുകൊടുക്കുന്നു. അരുതാത്തത് പറഞ്ഞാലും ചെയ്താലും ‘സാരമില്ലെ’ന്ന് കണ്ണടയ്ക്കുന്നു.

പിന്നീട് കുട്ടിയിൽ പലതരത്തിലുള്ള പെരുമാറ്റ സ്വഭാവ വൈകല്യങ്ങൾ രൂക്ഷമായി പ്രകടമാകുമ്പോൾ ആകെ വേവലാതിപ്പെട്ടുള്ള ഓട്ടമാണ്. അടിസ്ഥാന പ്രശ്നം എവിടെയാണ്? എവിടെയാണ് താളപ്പിഴ സംഭവിച്ചത്?

**കുഞ്ഞുങ്ങൾ മാതാപിതാക്കളുടെ സാമീപ്യത്തിലും സാന്നിധ്യത്തിലും വളരണം എന്നതുകൊണ്ടാണ് കർത്താവ് കുഞ്ഞുങ്ങൾക്ക് പിറക്കാനും വളരാനുമുള്ള ഇടമായി കുടുംബം രൂപപ്പെടുത്തിയത്.**

ഈശോ താൻ തെരഞ്ഞെടുത്ത ശിഷ്യന്മാരുടെ രൂപീകരണത്തിനു കണ്ടമാർഗ്ഗം അവരുടെ കൂടെയായിരിക്കുക എന്നതാണ്.

കുഞ്ഞുങ്ങൾ ആത്മീയമായും മാനസികമായും കരുത്തുള്ളവരാകണമോ, അവർ പ്രായത്തിനനുസരിച്ച് ജ്ഞാനവും വിവേകവും ഉള്ളവരാകണമോ-നിങ്ങൾ അവരുടെ കൂടെയായിരിക്കണം. സന്ദർഭോചിതമായി അവരെ പഠിപ്പിക്കാനും തിരുത്താനും സാധിക്കണമോ-അവർക്കായി സമയം നൽകണം; അവരോട് ബോധപൂർവ്വം വർത്തമാനം പറയണം. അവരുടെ വിശേഷങ്ങൾ കേൾക്കാൻ സന്നദ്ധത ഉണ്ടാവണം. നമുക്ക് ‘സില്ലി മാറ്റേഴ്സ്’ എന്നും ‘ബാലിശം’ എന്നും തോന്നുന്ന അവരുടെ ഗൗരവമായ കാര്യങ്ങളിൽ നമ്മൾ മനസ്സുകൊണ്ടും സാന്നിദ്ധ്യംകൊണ്ടും ഇടപെടണം.

എത്ര തിരക്കിലും ഭക്ഷണത്തിനായി, ഉറക്കത്തിനായി, ഒരുക്കത്തിനായി സമയം കണ്ടെത്തുന്നതുപോലെ **ജീവിതത്തിന്റെ ഒഴിവാക്കാനാവാത്ത ദിനചര്യയായി കുഞ്ഞുങ്ങളുടെ കൂടെയിരിക്കുക എന്ന കാര്യം വരണം.**

**ദൈവപിതാവ് മാതാപിതാക്കൾക്ക് നൽകുന്ന സുപ്രധാന കല്പന-നിത്യജീവൻ പ്രാപിക്കാനുള്ള കല്പന-കുഞ്ഞുങ്ങളെ ദൈവേഷ്ടപ്രകാരം വളർത്തുക എന്നതാണ്.**

ഈശോ പലപ്പോഴും ശകാരരൂപേണ നിയമജ്ഞരോടും പുരോഹിതരോടും പറയാറുണ്ട്- പാത്രത്തിന്റെ പുറം വൃത്തിയാക്കിയാൽപോരാ അകംകൂടി വൃത്തിയാക്കണം. അപ്പോഴേ അതിൽ പകരുന്നത് ഉപയോഗ്യമാകുകയുള്ളൂ എന്ന്. **ഭൗതികമായി എന്തൊക്കെ കുഞ്ഞുങ്ങൾക്ക് ഒരുക്കിക്കൊടുത്താലും അവരുടെ ആന്തരിക രൂപീകരണത്തിന് നാം നമ്മെത്തന്നെ അവർക്ക് സംലഭ്യമാക്കുന്നില്ലെങ്കിൽ അവരുടെ ഉള്ളിൽ നിറയുന്നതൊന്നും നന്മയായി പുറത്തേക്കൊഴുകണമെന്നില്ല.** അവൻ തുടർന്നു: “സ്വർഗ്ഗരാജ്യത്തിന്റെ ശിഷ്യനായിതീർന്ന ഓരോ നിയമജ്ഞനും തന്റെ നിക്ഷേപത്തിൽനിന്ന് പുതിയതും പഴയതും പുറത്തെടുക്കുന്ന വീട്ടുടമസ്ഥന് തുല്യൻ.” പ്രാധാന്യങ്ങളുടെ പുനഃക്രമീകരണത്തിനായി ഒരു കണക്കെടുപ്പ് നമുക്ക് അത്യാവശ്യം.

**റെന്നി ഞാറക്കുളം**

# അപ്പന്റെ ഉറപ്പ്



"ബ്യൂണസ് ഐറിസിൽ ബിഷപ്പ് ബെർഗോളിയോ (ഫ്രാൻസിസ് മാർപാപ്പ) മെത്രാനായിരിക്കെ ആ ഓഫീസിൽ മുപ്പതിലേറെ വർഷമായി ജോലിചെയ്തുവന്നിരുന്ന ഒരു പാവപ്പെട്ട മനുഷ്യനുണ്ടായിരുന്നു. 8 മക്കളുള്ള തന്റെ വലിയ കുടുംബത്തെ പോറ്റാൻ അയാൾ നന്നായി അദ്ധ്വാനിക്കുന്നുണ്ടായിരുന്നു. ഓരോ തവണയും തന്റെ ജോലിക്കായി അകത്തേക്കും പുറത്തേക്കും പോകുമ്പോൾ അയാൾ പതിഞ്ഞ ശബ്ദത്തിൽ 'ഈശോയേ' എന്നു വിളിക്കും.

"എന്തിനാണ് എപ്പോഴും ഈശോയെ വിളിക്കുന്നത്?" ഒരിക്കൽ ബിഷപ്പ് അയാളോട് ചോദിച്ചു. തന്റെ നേർത്ത ശബ്ദത്തിൽ ആ മനുഷ്യൻ പറഞ്ഞു: **"ഞാൻ ഈശോയെ വിളിക്കുമ്പോൾ, എനിക്ക് കൂടുതൽ ശക്തി കിട്ടുന്നതുപോലെ. ഞാൻ ഒറ്റയ്ക്കല്ല, തമ്പുരാനും എന്റെ കൂടെയുണ്ടെന്ന ഓർമ്മ എനിക്കു കിട്ടുന്നു. അവൻ എന്നെ കാത്തുകൊള്ളുമെന്ന ഉറപ്പ്."**

ദൈവശാസ്ത്രം പഠിക്കുകയോ ധ്യാനം കൂടുകയോ ചെയ്തിട്ടില്ലാത്ത ആ മനുഷ്യൻ തനിക്ക് ലഭിച്ച മാമ്മോദീസായുടേയും പരിശുദ്ധാത്മാവിന്റേയും ശക്തിയാൽ നൽകിയ ആ ജീവിതസാക്ഷ്യം ബിഷപ്പിനെ പുതിയൊരു ബോധ്യത്തിലേക്ക് നയിച്ചു. **"ഒത്തിരി രക്ഷകരെ വാഗ്ദാനം ചെയ്യുന്ന ഈ ലോകത്തിൽ എന്നെ നയിക്കുന്നത് ഈശോ മാത്രമാണ്. യേശുവിന് മാത്രമേ നമ്മുടെ ജീവിത പ്രശ്നങ്ങളിൽ നമ്മളെ രക്ഷിക്കാനാവൂ."**

# പ്രാർത്ഥനാ ബാങ്ക്

## (ആത്മത്യാഗ ബാങ്ക്)

കടുത്ത നിരീശ്വരവാദിയും നിരീശ്വര പത്രത്തിന്റെ പത്രാധിപരുമായിരുന്ന ബെൽജിയംകാരനായ ഒരു യുവ ഡോക്ടറായിരുന്നു ഡോ. ഫെലിക്സ് ലെസ്യൂർ. മാതാവിന്റെ തീർത്ഥാടനകേന്ദ്രമായ ലൂർദ്ദിൽ നടക്കുന്ന അത്ഭുതങ്ങൾ വഞ്ചനയും അന്ധവിശ്വാസവും ആണ് എന്നു പറഞ്ഞ് ഒരു ഗ്രന്ഥംതന്നെ അദ്ദേഹം രചിച്ചു.

അദ്ദേഹത്തിന്റെ ഭാര്യയായ എലിസബത്ത് ഒരു കത്തോലിക്കാ വിശ്വാസിയായിരുന്നു. പത്ത് വർഷത്തോളം കഠിനമായ വേദന സഹിച്ച് അവൾ രോഗക്കിടക്കയിൽ കഴിഞ്ഞു. മരണാവസരത്തിൽ അവൾ തന്റെ ഭർത്താവിനോട് പറഞ്ഞു: “ഫെലിക്സേ, ഞാൻ മരിച്ചുകഴിയുമ്പോൾ അങ്ങ് ഒരു കത്തോലിക്കനും തുടർന്ന് ഒരു ഡൊമിനിക്കൻ വൈദികനും ആകും.” അതിന് ഫെലിക്സിന്റെ മറുപടി ഇപ്രകാരമായിരുന്നു; “എനിക്ക് ദൈവത്തോട് കടുത്ത വെറുപ്പാണ്. ഞാൻ ആ വെറുപ്പോടെ ജീവിച്ചുമരിക്കും.” എന്നാൽ തന്റെ വാക്കുകൾ ആവർത്തിച്ചുകൊണ്ട് 1914-ൽ അവൾ മരിച്ചു. എലിസബത്തിന്റെ മരണശേഷം അവളുടെ മരണപത്രത്തിൽ ഡോ. ഫെലിക്സ് ഇങ്ങനെ വയിച്ചു: **“1904ൽ അങ്ങയുടെ ആത്മാവിനെ നേടുവാൻ ആവശ്യമുള്ളത്ര സഹനം എനിക്ക് നൽകണമെന്ന് ഞാൻ സർവശക്തനായ ദൈവത്തോടപേക്ഷിച്ചു. ഞാൻ മരിക്കുന്ന ദിവസം അത് അങ്ങയുടെ ആത്മാവിനെ നേടാൻ മാത്രം വിലയുള്ളതായിത്തീരും.”**



പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനത്താൽ ഫെലിക്സ് മാനസാന്തരപ്പെട്ടു. കത്തോലിക്കനായി. പിന്നീട് ഡൊമിനിക്കൻ സന്ന്യാസ സഭയിൽ ചേർന്ന് ഒരു വൈദികനുമായി.

**നമ്മുടെ സഹനങ്ങൾ മറ്റുള്ളവർക്ക് പ്രയോജനപ്പെടുത്താം. രക്തം ദാനം ചെയ്ത് രോഗിയുടെ ജീവൻ രക്ഷിക്കുന്നതുപോലെ നമ്മുടെ പുണ്യയോഗ്യത, പ്രാർത്ഥന, ത്യാഗം എന്നിവ ദാനം ചെയ്യാം.”**
(ഫുൾട്ടൻ ജെ. ഷീൻ)



# ഗർഭകാലം അനുഗ്രഹകാലം

2013 മേയ് മാസത്തിൽ ബാംഗ്ലൂരിൽവച്ച് നടന്ന ഏയ്ഞ്ചൽസ് ആർമി ഫാമിലി റിട്രീറ്റിൽ ഞങ്ങൾ സംബന്ധിച്ചിരുന്നു. **ഗർഭിണിയായിരുന്ന ഞാൻ 'ഉദരഫലം അനുഗൃഹീതം' ലീഫ്‌ലെറ്റിലെ വചനങ്ങൾ വായിക്കുകയും ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.** ഉദരത്തിലുള്ള കുഞ്ഞിനോടൊപ്പം പ്രാർത്ഥിക്കുകയും കുഞ്ഞിനോട് സംസാരിക്കുകയും ചെയ്യാൻ ആരംഭിച്ചു. തന്മൂലം ജനിക്കും മുൻപുതന്നെ കുഞ്ഞുമായി ആത്മബന്ധം ഉണ്ടാകാൻ ഇടയായി. **ഗർഭകാലവും പ്രസവ സമയവും കർത്താവിനോട് കൂടുതൽ അടുക്കാനുള്ള അവസരമായി.** എന്റെ വേദനകളും പ്രയാസങ്ങളും കർത്താവിന് സമർപ്പിച്ച് ആത്മാക്കൾക്കും എന്റെ കുട്ടികൾക്കുംവേണ്ടി കാഴ്ചവച്ചപ്പോൾ അവയെല്ലാം വളരെ അർത്ഥവത്തായി മാറി.

ഡിസംബർ 24ന് ഉയർന്ന രക്തസമ്മർദ്ദംമൂലം എന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എന്നാൽ അഡ്മിറ്റ് ആയതിനുശേഷം പ്രഷർ കൂടിയതേയില്ല. എനിക്ക് ഫ്ളൂയിഡ് നഷ്ടപ്പെടാൻ തുടങ്ങിയിരുന്നുവെന്നും താമസിച്ചിരുന്നെങ്കിൽ അപകടമാകുമായിരുന്നെന്നും ഡോക്ടർ പറഞ്ഞു. പ്രഷർ കൂട്ടി, തക്കസമയത്ത് അഡ്മിറ്റ് ആകാൻ എനിക്ക് സാഹചര്യമൊരുക്കിയത് കർത്താവ് കാര്യങ്ങൾ ഏറ്റെടുത്തതുകൊണ്ടാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. കർത്താവിന്റെ പദ്ധതിയനുസരിച്ച് ക്രിസ്മസ് ദിവസംതന്നെ ഒരു മിടുക്കനായ ആൺകുഞ്ഞിനെ നൽകി ദൈവം ഞങ്ങളെ അനുഗ്രഹിച്ചു.

ഗർഭകാലം അനുഗ്രഹപ്രദമാക്കാനും പ്രസവസമയത്തെ എല്ലാ പ്രയാസങ്ങളിലും ദൈവത്തിന്റെ കരുതൽ കാണാനും എന്നെ സഹായിച്ച ഏയ്ഞ്ചൽസ് ആർമിക്ക് നന്ദി.

*ജാസ്മിൻ & ജോബിഷ്*
*ബാംഗ്ലൂർ*



# ഒരു നല്ല അപ്പന്റെ ചാവരുൾ

പ്രധാന തിരുനാളുകളുടെ നവനാളുകൾ ജപങ്ങളും പ്രത്യേകിച്ച് ദൈവമാതാവിന്റെ തിരുനാളുകൾക്ക് മുമ്പായുള്ള അപേക്ഷകളും ദൈവമാതാവിനേയും മാർ യൗസേപ്പ് പിതാവിന്റെയും വണക്കമാസങ്ങളും പള്ളിയിൽപോയി കഴിപ്പാൻ പാടില്ലെങ്കിൽ വീട്ടിൽ വച്ചെങ്കിലും നടത്തുക.



## മാതാപിതാക്കളോട്

*മെയ് മാസം മാതാവിന്റെ വണക്കമാസമാണല്ലോ. വീടുകളിൽ മാതാവിന്റെ രൂപം അലങ്കരിക്കാനും വണക്കമാസത്തിന്റെ പ്രത്യേക പ്രാർത്ഥനകൾ ചൊല്ലി മാതാവിന്റെ പ്രത്യേക സംരക്ഷണവും മാദ്ധ്യസ്ഥ്യവും തേടുവാനും ശ്രദ്ധിക്കുമല്ലോ.*



# നിലയ്ക്കാത്ത ജപമാല

**നിരന്തരം ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ ...**

- ഒരോ ദിവസവും ഒരോ ജപമാല വീതം
- എന്നും ഒരേ സമയത്ത് അര മണിക്കൂർ നിങ്ങളുടെ സ്ഥലത്തുവച്ച് 24 മണിക്കൂർ നിർത്താതെ നമുക്ക് മക്കൾക്കായി പ്രാർത്ഥിക്കാം നമ്മുടെ കുടുംബങ്ങൾക്ക് ഒരു സംരക്ഷണ കോട്ടയായി ഇതു മാറും തീർച്ച.
- ജപമാല ചൊല്ലും മുൻപ് സങ്കീ. 91, മർക്കോസ് 5.1–20 വായിക്കണം.

പങ്കുചേരാൻ ആഗ്രഹിക്കുന്നവർ നിങ്ങളുടെ സമയം അറിയിക്കുക
ഫോൺ : 9846273731

# ജാഗരണ പ്രാർത്ഥന

സ്ഥലം : എമ്മാവൂസ് കളമശ്ശേരി
എല്ലാരണ്ടാം വെള്ളിയാഴ്ച
രാത്രി 8 മണി മുതൽ 1 മണിവരെ

താത്പര്യമുള്ള എല്ലാവർക്കും സ്വാഗതം. എമ്മാവൂസിൽ എത്താൻ സാധിക്കാത്തവർ അവരവരുടെ സ്ഥലങ്ങളിൽ ഇരുന്ന് പ്രാർത്ഥിക്കുമല്ലോ? നിങ്ങളുടെ എല്ലാ പ്രാർത്ഥനാവശ്യങ്ങളും എയ്ഞ്ചൽസ് ആർമിയിലേക്ക് കത്ത്/ഫോൺ/ഈമെയിൽ എന്നിവവഴി അയയ്ക്കാവുന്നതാണ്. ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കാം.

Tel: 9497583885,
Email: prayer @angelsarmy.in

# 'ഉദരഫലം അനുഗൃഹീതം'

ഗർഭിണികളായ അമ്മമാർക്ക് 9 മാസവും പ്രാർത്ഥിച്ചൊരുങ്ങാൻ എയ്ഞ്ചൽസ് ആർമി Pregnancy Wing തയ്യാറാക്കിയിരിക്കുന്ന ലീഫ്‌ലെറ്റ്




**കോപ്പികൾക്ക്**
8891585850, 9895354201
0484-6444702,
info@angelsarmy.in

# Pregnancy Wing

ഗർഭിണികളായ അമ്മമാർക്കും ഉദരത്തിലുള്ള ശിശുവിനും വേണ്ടി എയ്ഞ്ചൽസ് ആർമിയുടെ മാദ്ധ്യസ്ഥ പ്രാർത്ഥനാ ടീമിന്റെ കീഴിലുള്ള pregnancy wingന്റെ നേതൃത്വത്തിൽ 9 മാസവും പ്രാർത്ഥിക്കുന്നു. പ്രസവസമയത്ത് ഞങ്ങളെ അറിയിക്കുമ്പോൾ ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുന്നു.

**പ്രാർത്ഥനാവശ്യങ്ങൾക്കായി വിളിക്കേണ്ട നമ്പർ**
: 9061963071, 8891585850



Angels Army, Jesus Youth, Emmaus, H.M.T.Colony P.O, Kalamassery-683503, Kochi, Kerala
Email: info@angelsarmy.in Ph: 0484 6444702
**www.angelsarmy.in**